# Deepika

## 12 August 2018

## Aluva, Flood, Sivaratri, Manappuram



ആലുവ ശിവരാത്രി മണപ്പുറത്തേക്കുള്ള റോഡിന്റെ ഇരുവശങ്ങളിലായി പിതൃബലിയർപ്പിച്ചശേഷം പെരിയാറിലേക്കുള്ള പടവുകളോടു ചേർന്നുള്ള ബാരിക്കേഡിനുള്ളിൽനിന്നു തർപ്പണം ചെയ്യുന്ന വിശ്വാസികൾ. വെള്ളത്തിൽ മുങ്ങിയ ക്ഷേത്രവും കാണാം.

# പ്രളയത്തിനിടയിലും പിതൃക്കൾക്കു ബലിയിടാൻ ആയിരങ്ങൾ

**കൊച്ചി/ആലുവ:** പ്രളയക്കെടുതികൾക്കിടയിലും പിതൃക്കൾക്കു മോക്ഷപുണ്യം തേടി ക്ഷേത്രങ്ങളിൽ ആയിരങ്ങൾ ബലിതർപ്പണം നടത്തി. പ്രശസ്ത ബലിതർപ്പണസ്ഥലമായ ആലുവ ശിവരാത്രി മണപ്പുറവും മറ്റു പലയിടങ്ങളിലെ ക്ഷേത്രങ്ങളും വെള്ളത്തിൽ മുങ്ങിക്കിടക്കുന്നതിനാൽ കനത്തസുരക്ഷയിൽ താത്ക്കാലിക സംവിധാനങ്ങൾ ഒരുക്കിയായിരുന്നു ചടങ്ങുകൾ.

ആലുവ മണപ്പുറത്തിനു സമീപത്തെ റോഡുകളുടെ ഇരുവശങ്ങളിലാണു ബലിത്തറകൾ സജ്ജീകരിച്ചിരുന്നത്. സാധാരണയായി മണപ്പുറത്തെ താത്കാലിക ക്ഷേത്രപരിസരത്താണു ബലിത്തറകൾ ഒരുക്കി ചടങ്ങുകൾ നടത്തിയിരുന്നത്. അതിനുശേഷം പെരിയാറിൽ മുങ്ങിനിവരും. പെരിയാറിൽ ജലനിരപ്പ് ക്രമാതീതമായി ഉയർന്നു നിൽക്കുന്നതിനാൽ ഇക്കുറി മണപ്പുറത്തേക്കിറങ്ങുന്ന പടവുകളിലാണു തർപ്പണത്തിനെത്തിയവർ മുങ്ങിയത്. മുൻദിവസങ്ങളേക്കാൾ ജലനിരപ്പു താഴ്ന്നുനിന്നിട്ടും പെരിയാറിൽ ഇറങ്ങാൻ പോലീസ് അനുവദിച്ചില്ല. എന്നാൽ ബാരിക്കേഡുകൾ മറികടന്നും ചിലർ പെരിയാറിലിറങ്ങി മുങ്ങുന്നതും കാണാമായിരുന്നു. മണപ്പുറത്തെ മുകളിലെ ശിവക്ഷേത്രത്തിൽ പുലർച്ചെ മൂന്നരയോടെ മേൽശാന്തി മുല്ലപ്പള്ളി സുബ്രഹ്മണ്യൻ നമ്പൂതിരിയുടെ കാർമികത്വത്തിൽ തിലഹവന നമസ്കാരവും മറ്റു ചടങ്ങുകളും ആരംഭിച്ചു.

മുൻകാലങ്ങളിലേതുപോലെ പുലർച്ചെ വലിയ തിരക്ക് അനുഭവപ്പെട്ടില്ലെങ്കിലും കാലാവസ്ഥ അനുകൂലമായതോടെ ഒമ്പതോടു കൂടി വിശ്വാസികൾ കൂടുതലായെത്തി. പെരിയാറിന്റെ മറുകരയിൽ അദ്വൈതാശ്രമത്തിലും ബലിതർപ്പണം നടന്നു. ജില്ലയിലെ ബലിതർപ്പണ ചടങ്ങ് നടക്കുന്ന മറ്റു ക്ഷേത്രങ്ങളിലും ബലിയർപ്പിക്കാൻ വിശ്വാസികൾ ധാരാളമായെത്തി.